LIBRARY ARCHIVES Kerala Legislative Assembly

കോട്ടക്കൽ പുഴ സംരക്ഷണ ഭിത്തിയുടെ നിർമ്മാണം

164(2200) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിൽനിന്നും 2020 ജനുവരി മുതൽ നാളിതുവരെ ലഭിച്ച പുഴ സംരക്ഷണ ഭിത്തിയുമായി ബന്ധപ്പെട്ട നിവേദനങ്ങൾ എത്ര; ഇതിൽ എത്ര എണ്ണം പരിശോധിച്ചു; അറിയിക്കുമോ?

കോട്ടക്കൽ മണ്ഡലത്തിൽനിന്നും 2020 ജനുവരി മുതൽ നാളിതുവരെ പുഴ സംരക്ഷണ ഭിത്തിയുമായി ബന്ധപ്പെട്ട് 6 നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. ലഭിച്ച നിവേദനങ്ങളെല്ലാം തന്നെ പരിശോധിച്ചിട്ടുണ്ട്.

(ബി) ഇറിഗേഷൻ വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കിയത് എത്ര; ഇതിൽ എത്ര എണ്ണത്തിന് ഭരണാനുമതി ലഭിച്ചു; വ്യക്തമാക്കുമോ?

ഇവയിൽ 5 പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും 4 എസ്റ്റിമേറ്റുകൾക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) ഏതെല്ലാം പ്രവൃത്തികൾക്കാണ് ചീഫ് എഞ്ചിനീയർ ഇറിഗേഷൻ ഭരണാനുമതി നൽകിയത്; ഭരണാനുമതിക്കായി ചീഫ് എഞ്ചിനീയർ ഓഫീസിലുള്ള എസ്റ്റിമേറ്റുകൾ ഏതെല്ലാം; അറിയിക്കുമോ?

പ്രസ്തുത പ്രവൃത്തികൾക്കെല്ലാം എക്സിക്യൂട്ടീവ് എഞ്ചിനീയർ/സൂപ്രണ്ടിംഗ് എഞ്ചിനീയർ തലത്തിലാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിലവിൽ ഇതുസംബന്ധിച്ച എസ്റ്റിമേറ്റുകൾ ഒന്നുംതന്നെ ശേഷിക്കുന്നില്ല.

പാർവ്വതി പുത്തനാറും ആക്കുളം കായലും

165(2201) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർവ്വതി പുത്തനാർ ശുചീകരിച്ചുവെങ്കിലും പോളയും പായലും മാലിന്യങ്ങളും വീണ്ടും വന്നുനിറയുന്ന അവസ്ഥയ്ക്ക് പരിഹാരമായി സ്ഥിരം ശുചീകരണ സംവിധാനം പരിഗണനയിലുണ്ടോ?

പാർവ്വതി പുത്തനാറിൽ പോളയുടെ വർദ്ധനവിന്റെ തോതനുസരിച്ച് അവ മാറ്റുന്നതിനുവേണ്ടി ഇൻലാൻഡ് നാവിഗേഷൻ ഡിപ്പാർട്ടുമെന്റ് കരാറടിസ്ഥാനത്തിൽ പോള മാറ്റുവാനുള്ള ക്രമീകരണങ്ങൾ ഈ സാമ്പത്തിക വർഷം മുതൽ നടത്തുവാനുദ്ദേശിക്കുന്നുണ്ട്.

(ബി) ആക്കുളം കായൽ പുനരുജ്ജീവന പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ആക്കുളം കായൽ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് "റെജുവിനേഷൻ ഓഫ് ആക്കുളം ലേക്ക് & ഇറ്റ്സ് വാട്ടർഷെഡ് റീ ബിൽഡിംഗ് കേരള ദി സസ്റ്റെയിനബിൾ വേ" എന്ന പദ്ധതിക്ക് 185.23 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനത്തിനായി 7-2-2020-ൽ 64.13 കോടി രൂപ കിഫ്ബി അനുവദിച്ചു. ഈ പദ്ധതിയുടെ SPV-യായി WAPCOS-നെയാണ് തെരഞ്ഞെടുത്തത്. ആക്കുളം കായലും അനുബന്ധ തോടുകളും ശുദ്ധീകരിച്ച് ടൂറിസം പ്രവർത്തനങ്ങൾക്കുതകുന്ന രീതിയിലുള്ള സുസ്ഥിരവും പരിസ്ഥിതി സൗഹാർദ്ദവുമായ വികസനമാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. DBOT മാതൃകയിലാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതി ടെണ്ടർ ചെയ്യുകയും 3 ഏജൻസികൾ ടെണ്ടറിൽ പങ്കെടുക്കുകയുമുണ്ടായി. അതിൽനിന്ന് ശ്രീ. അവന്തികാ കോൺട്രാക്ടേഴ്സ് (ഐ) ലിമിറ്റഡ്, ഹൈദരബാദ് എന്ന ഏജൻസി ക്വാളിഫൈ ചെയ്തു. എന്നാൽ കിഫ്ബി അംഗീകരിച്ച തുകയിൽ കൂടുതലാണ് ഫിനാൻഷ്യൽ ബിഡിൽ ക്വാളിഫൈ ചെയ്ത ഏജൻസി ക്വാട്ട് ചെയ്തിരിക്കുന്നത്. തുടർന്ന് 22-7-2021-ൽ ടി ഏജൻസിയുമായി റേറ്റ് നെഗോസിയേഷൻ നടത്തുകയുണ്ടായി. ടി ഏജൻസി ക്വാട്ട് ചെയ്ത തുക പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള ഘടകങ്ങൾക്കനുസരിച്ച് പുനഃക്രമീകരിച്ച് SPV-ക്ക് നൽകാമെന്ന് യോഗത്തിൽ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ജലാശയങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

ജലാശയങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനായി ജലാശയങ്ങൾക്ക് കുറുകെവരുന്ന പാലങ്ങളിൽ കമ്പിവേലി കെട്ടുന്ന പ്രവൃത്തി നടന്നുവരുന്നു. ഇതോടൊപ്പംതന്നെ ചവർ നിക്ഷേപിക്കുന്നത് ശിക്ഷാർഹമാണെന്ന ബോർഡും കമ്പിവേലിയിൽ സ്ഥാപിച്ചിട്ടുണ്ട്. മൂന്നാറുമുക്ക് പാലത്തിൽനിന്നും പാർവ്വതി പുത്തനാറിലേയ്ക്ക് മാലിന്യ നിക്ഷേപം തടയുന്നതിനായി പാലത്തിന്റെ ഇരുവശങ്ങളിലും chain linked fencing ചെയ്യുന്ന പ്രവൃത്തി അവസാന ഘട്ടത്തിലാണ്. പുത്തനാറിന്റെ തീരത്തോട് ചേർന്നിരിക്കുന്ന ചില വീടുകളിൽനിന്നും മാലിന്യം ഒഴുകുന്നത് ശ്രദ്ധയിൽപ്പെടുകയും തുടർന്ന് ഇവർക്ക് നോട്ടീസ് നൽകുകയും ചെയ്തു. പാർവ്വതി പുത്തനാറിന്റെ വീതി 35 മീറ്ററായി നവീകരിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം കനാലിന്റെ വശങ്ങളിൽ മാലിന്യ നിക്ഷേപം തടയുന്നതിനായി chain linked fencing ചെയ്യാവുന്നതാണ്. മാത്രമല്ല മാലിന്യം വലിച്ചെറിയാതിരിക്കുവാൻ ജനങ്ങളെ ബോധവത്കരിക്കുകയും കൂടാതെ പലഭാഗത്തും നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്ന പ്രവൃത്തി തിരുവനന്തപുരം കോർപ്പറേഷന്റെ കീഴിൽ ടെണ്ടർ നടപടികൾ പൂർത്തിയായിവരുന്നു. കൂടിവെള്ള സ്രോതസ്സുകളായ ജലാശയങ്ങളിൽ മാലിന്യം

Page 3 of 3

നിക്ഷേപിക്കാതിരിക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. വർഷകാലങ്ങളിൽ സ്രോതസ്സുകളിലേയ്ക്ക് മലിനജലം ഒഴുകിയെത്താതിരിക്കാൻ താല്കാലിക മൺ ബണ്ടുകൾ സ്ഥാപിച്ചും ഓടകളിലൂടെ എത്തുന്ന മലിനജലത്തിന്റെ പ്രവാഹ ദിശ മാറ്റിവിട്ടും നിലവിലുള്ള ഇൻഫിൽട്രേഷൻ ഗ്യാലറികൾ ശുചീകരിച്ചും സ്രോതസ്സുകൾ വേലികെട്ടി തിരിച്ചും മാലിന്യ നിക്ഷേപത്തിനെതിരെ പോസ്റ്റർ പതിച്ചും മൈക്ക് അനൗൺസ്മെന്റ് നടത്തിയും സ്രോതസ്സുകളുടെ പരിസരത്തിൽ മലിനീകരണ നിയന്ത്രണ ബോർഡുകൾ സ്ഥാപിച്ചും കൂടാതെ കൂടിവെള്ള സ്രോതസ്സുകൾക്ക് സമീപം നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചുമുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

ളണേരി-വേറ്റമ്മൽ ടെയിലെൻഡ് പദ്ധതി

166(2202) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിന്റെ കീഴിലുള്ള ളണേരി-വേറ്റമ്മൽ ടെയിലെൻഡ് പദ്ധതിയുടെ പ്രവർത്തനക്ഷമതയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

കുറ്റ്യാടി ജലസേചന പദ്ധതിയുടെ ളണേരി ബ്രാഞ്ച് കനാലിന്റെ വാലറ്റത്ത് നിന്നാണ് ടെയിലെൻഡ് ഡിസ്ട്രിബ്യൂട്ടറി കനാൽ ആരംഭിക്കുന്നത്. പ്രസ്തുത കനാലിനുവേണ്ടി ചെയിനേജ് 4/250 കിലോമീറ്റർ ദൂരംവരെ സ്ഥലം ഏറ്റെടുത്ത് ചെയിനേജ് 2/000 കിലോമീറ്റർവരെ കനാൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത ഭാഗത്ത് കരിങ്കൽ ഫ്ളൂം തകർന്നിട്ടുള്ളതിനാൽ അതിലൂടെ ജലവിതരണം സാധ്യമായിട്ടില്ല.

(ബി) പ്രസ്തുത പദ്ധതിയുടെ കനാൽ പല സ്ഥലങ്ങളിലും പൊട്ടിപ്പൊളിഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പുനർനിർമ്മിക്കാൻ പദ്ധതിയുണ്ടോ?

ഉണ്ട്. കനാൽ ഭൂമി പൂർണ്ണമായും സർവ്വേ ചെയ്ത്, വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഫണ്ട് ലഭ്യതയനുസരിച്ച് കനാൽ പുനർനിർമ്മിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) പ്രസ്തുത പദ്ധതി കായപ്പനച്ചിവരെ നീട്ടാൻവേണ്ടി ഏറ്റെടുത്ത സ്ഥലം പലരും കയ്യേറിയതിനാൽ ആയത് തിരിച്ചുപിടിച്ച് പദ്ധതി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

കനാൽ ഭൂമി പൂർണ്ണമായും സർവ്വേ ചെയ്തശേഷം കയ്യേറ്റമുണ്ടെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം പ്രസ്തുത ഭാഗങ്ങൾ തിരിച്ചുപിടിക്കാൻ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) പദ്ധതി പൂർത്തീകരണത്തിനുവേണ്ടി എം.എൽ.എ. നൽകിയ കത്തിന്മേൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly